# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഫെബ്രുവരി 10

# വാർത്താക്കുറിപ്പ്

## എം.ജി. പി.ജി. പ്രവേശനം; രണ്ടാം ഫൈനൽ റാങ്ക് ലിസ്റ്റ് വഴി പ്രവേശനത്തിന് ഓപ്ഷൻ രജിസ്ട്രേഷൻ ഫെബ്രുവരി 15 വരെ

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി.ജി. പ്രവേശനത്തിന് രണ്ടാം ഫൈനൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും. ഇതിനായി ഫെബ്രുവരി 15ന് വൈകീട്ട് നാലുവരെ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിച്ചവരുൾപ്പെടെ എല്ലാവർക്കുമായാണ് രണ്ടാം ഫൈനൽ റാങ്ക് പട്ടിക. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് അടയ്ക്കാതെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് cap.mgu.ac.in എന്ന വെബ്സൈറ്റിലൂടെ പുതുതായി ഓപ്ഷനുകൾ നൽകാം. നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് വെബ് സൈറ്റിലെ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകൾ പുതുക്കാം. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിച്ച് വയ്ക്കണം.

ലോഗിൻ ചെയ്ത ശേഷം അപേക്ഷകന് നേരത്തേ നൽകിയ അപേക്ഷയിലെ തെറ്റുകൾ തിരുത്താം, പുതുതായി ഓപ്ഷനുകൾ നൽകാം. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടേയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളേജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

രണ്ടാം ഫൈനൽ റാങ്ക് പട്ടിക ഫെബ്രുവരി 16ന് പ്രസിദ്ധീകരിക്കും. റാങ്ക് പട്ടിക പ്രകാരം ഫെബ്രുവരി 16 മുതൽ 18ന് വൈകീട്ട് നാലുവരെ ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നടത്തും. പ്രവേശനം പൂർണമായും മെരിറ്റ് അടിസ്ഥാനത്തിലായതിനാൽ റാങ്ക് പട്ടികയിലുൾപ്പെടുന്നവർ ഫെബ്രുവരി 16നുതന്നെ കോളേജുമായി ബന്ധപ്പെടണം. പ്രവേശന സാധ്യത മനസിലാക്കി പ്രവേശനം ഉറപ്പുവരുത്തണം.

(പി.ആർ.ഒ/39/210/2021)

## പുതുക്കിയ പരീക്ഷ തീയതി

ഫെബ്രുവരി എട്ടിന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എഡ്. (2019 അഡ്മിഷൻ റഗുലർ/2019ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷ ഫെബ്രുവരി 15ന് നടക്കും.

രണ്ടാം സെമസ്റ്റർ എം.എസ് സി. സി. ഇ. ആന്റ് എൻ.ടി. (കമ്പ്യൂട്ടർ എൻജിനീയറിംഗ് ആന്റ് നെറ്റ് വർക്ക് ടെക്നോളജി) - അഫിലിയേറ്റഡ് കോളേജുകൾ - 2019 അഡ്മിഷൻ റഗുലർ (സി.എസ്.എസ്.)/2016-2018 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷ ഫെബ്രുവരി 17ന് നടക്കും.

നാലാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി - ദ്വിവത്സരം) കോവിഡ് 19 മൂലം എഴുതാൻ കഴിയാതിരുന്നവർക്കുള്ള പരീക്ഷ ഫെബ്രുവരി 15ന് നടക്കും.

ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എം.ബി.എ. സ്പെഷൽ മേഴ്സി ചാൻസ് (അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018), നാലാം സെമസ്റ്റർ എം.ബി.എ. (2016 അഡ്മിഷൻ സപ്ലിമെന്ററി/2015 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ മാർച്ച് അഞ്ചിന് നടക്കും.

രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - അഫിലിയേറ്റഡ് കോളേജുകൾ), നാലാം വർഷ ബി.ഫാം സപ്ലിമെന്ററി (2016ന് മുമ്പുള്ള അഡ്മിഷൻ), രണ്ടാം സെമസ്റ്റർ എം.എച്ച്.ആർ.എം. (പുതിയ സ്കീം - 2019 അഡ്മിഷൻ റഗുലർ/2018 അഡ്മിഷൻ സപ്ലിമെന്ററി), (2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 12ന് നടക്കും.

നാലാം വർഷ ബി.എസ് സി. എം.എൽ.റ്റി. റഗുലർ/സപ്ലിമെന്ററി (2008 അഡ്മിഷൻ മുതൽ) പരീക്ഷ ഫെബ്രുവരി 15ന് നടക്കും.

ഒന്നുമുതൽ നാലുവരെ വർഷ ബി.എസ് സി. നഴ്സിംഗ് (2012-2015 അഡ്മിഷൻ സപ്ലിമെന്ററി, 2007-2009 മേഴ്സി ചാൻസ്) പരീക്ഷ മാർച്ച് 10ന് നടക്കും.

മൂന്നാം സെമസ്റ്റർ എം.എസ് സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (പുതിയ സ്കീം - 2018 അഡ്മിഷൻ റഗുലർ, 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ ഫെബ്രുവരി 15ന് നടക്കും.

നാലാം സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷ ഫെബ്രുവരി 22ന് നടക്കും. പരീക്ഷ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/210/2021)

## പരീക്ഷ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ എന്റർപ്രെണേറിയൽ ലീഡേഴ്സ്, വുമൺ ഇൻ ഇന്ത്യൻ ഡെമോക്രസി എന്നീ വിഷയങ്ങളുടെ പരീക്ഷ ഫെബ്രുവരി 12ന് നടക്കും. പരീക്ഷകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/210/2021)

രണ്ടാം സെമസ്റ്റർ ബി.വോക് (2018 അഡ്മിഷൻ റഗുലർ - പുതിയ സ്കീം) പരീക്ഷയുടെ ബി.വോക് ഫാഷൻ ടെക്നോളജി ആന്റ് മെർക്കൻഡൈസിംഗ് - മെഷിനറി ആന്റ് എക്വിപ്മെന്റ്, റൈറ്റിംഗ് ആന്റ് പ്രസന്റേഷൻ സ്കിൽസ് ഇൻ ഇംഗ്ലീഷ് എന്നീ വിഷയങ്ങളുടെ പരീക്ഷകൾ യഥാക്രമം ഫെബ്രുവരി 18, 20 തീയതികളിൽ നടക്കും.

(പി.ആർ.ഒ/39/210/2021)

## അപേക്ഷ തീയതി

ആറാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രൊജക്ട് മൂല്യനിർണയത്തിനും വൈവാവോസിക്കും പിഴയില്ലാതെ ഫെബ്രുവരി 19 വരെയും 525 രൂപ പിഴയോടെ ഫെബ്രുവരി 20 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി 22 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/210/2021)

## വൈവാവോസി

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.ഫിൽ (2018-19, 2017-18 ബാച്ച്) - പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ വൈവാവോസി ഫെബ്രുവരി 25ന് രാവിലെ 10ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടക്കും. ഡിസർട്ടേഷനുകൾ ഫെബ്രുവരി 24നകം നൽകണം. epay.mgu.ac.in എന്ന പോർട്ടൽ വഴിയാണ് ഫീസടയ്ക്കേണ്ടത്.

(പി.ആർ.ഒ/39/210/2021)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. സോഷ്യോളജി (പ്രൈവറ്റ്) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2015 അഡ്മിഷൻ മുതലുള്ളവർ ഫെബ്രുവരി 22 വരെ ഓൺലൈനായും 2015ന് മുമ്പുള്ള അഡ്മിഷൻ വിദ്യാർഥികൾ പരീക്ഷകൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ടും അപേക്ഷ നൽകണം.

(പി.ആർ.ഒ/39/210/2021)

2020 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.എസ്.ഡബ്ല്യു., ബി.ടി.ടി.എം., സി.ബി.സി.എസ്. (മോഡൽ 3 - 2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/210/2021)

2020 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എഫ്.ടി., ബി.എസ്.ഡബ്ല്യു., ബി.ടി.എസ്. സി.ബി.സി.എസ്.എസ്. (മോഡൽ 3 - 2013-2016 അഡ്മിഷൻ സപ്ലിമെന്ററി/ബെറ്റർമെന്റ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/210/2021)

2020 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ് സി. മോഡൽ 1, 2, 3 (2013-2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/210/2021)

2020 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ് സി. മോഡൽ 1, 2, 3 (2013-2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/210/2021)

2019 ഓഗസ്റ്റിൽ നടന്ന ഒന്നുമുതൽ അഞ്ചുവരെ സെമസ്റ്റർ എം.സി.എ. സ്പെഷൽ മേഴ്സി ചാൻസ് (2007-2010 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/210/2021)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)